# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 842 30.01.2019 ൽ മറുപടിയ്ക്ക്

## പാതയോരങ്ങളിൽ വേപ്പിൻ തൈകൾ വച്ചു പിടിപ്പിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. സി.മമ്മൂട്ടി | | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ | നിലവിലുള്ളവയും വീതി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നവയുമായ ദേശീയ/സംസ്ഥാന പാതകളുടെ വശങ്ങളിലും അനുബന്ധ ഇടങ്ങളിലും വേപ്പിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതിന് അയൽ സംസ്ഥാനമായ തമിഴ് നാടിനെ മാതൃകയാ ക്കുമോ; | എ | നിലവിലുള്ളവയും വീതി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നവയുമായ ദേശീയ/ സംസ്ഥാന പാതകളുടെ വശങ്ങളിലും അനുബന്ധ ഇടങ്ങളിലും സ്ഥല ലഭ്യതക്കനുസരിച്ച് NHAI/PWD എന്നീ വകുപ്പുകളുടെ അനുമതിയോടെ വേപ്പിൻ തൈകൾ ഉൾപ്പെടെയുള്ള തൈകൾ വച്ചുപിടിപ്പിക്കാവുന്നതാണ്. വരണ്ട കാലാവസ്ഥയുള്ള തമിഴ് നാട്ടിലെയും നല്ലമഴയുള്ള കേരളത്തിലെയും വേപ്പിൻ തൈകളുടെ, വളർച്ചാ നിരക്ക് വ്യത്യസ്തമായിരിക്കുമെന്നതിനാൽ തമിഴ്നാട്ടിലെ അതേ മാതൃക ഇവിടെ അനുവർത്തിക്കേണ്ടതില്ല. |
| ബി | ഇത്തരം ചെടികൾ വച്ചുപിടിപ്പിച്ചാൽ അവ സംരക്ഷിക്കുന്നതിന് പരിസരവാസികളായവരുടെ സഹായ സഹകരണം അഭ്യർത്ഥിക്കുമോ; | ബി | പരിസരവാസികൾ, വ്യാപാരികൾ, തൊഴിലാളി യൂണിയനുകൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവരുടെ സഹായ സഹകരണം അഭ്യർത്ഥിക്കാവുന്നതാണ്. |
| സി | 2018-ലെ ലോകപരിസ്ഥിതി ദിനത്തിൽ സംസ്ഥാന സർക്കാരും അതിന്റെ ഏജൻസികളും ഏതെല്ലാം വിഭാഗങ്ങളിലുള്ള ചെടികളുടെ, എത്ര വീതം തൈകൾ, ഏതെല്ലാം ജില്ലകളിൽ വച്ചുപിടിപ്പിച്ചു എന്നും അതിന്റെ സംരക്ഷണം എങ്ങനെ ഉറപ്പാക്കിയിട്ടുണ്ട് എന്നുമുള്ള വിവരം അറിയിക്കുമോ ? | സി | 2018-ലെ ലോകപരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് സാമൂഹിക വനവൽക്കരണ വിഭാഗം വിതരണം ചെയ്ത തൈകളിൽ ഫലവൃക്ഷതൈകളായ പ്ലാവ്, മാവ്, ബദാം, കുടംപുളി, നെല്ലി, ഞാവൽ, പേര, സപ്പോട്ട, മാതളം എന്നിവയും പൂമര വൃക്ഷങ്ങളായ ചെമ്പകം, കണി ക്കൊന്ന, മന്ദാരം, രാജമല്ലി തുടങ്ങിയവയും തടി ഉപയോഗത്തിന് പ്രയോജനപ്പെടുന്ന ഈട്ടി, കമ്പകം, തേക്ക്, കുമ്പിൾ, ആ |

ഞ്ഞിലി, മഹാഗണി തുടങ്ങിയവയും, ഔഷധസസ്യങ്ങളായ അശോകം, കൂവളം, ലക്ഷ്മിതരു, രക്ത ചന്ദനം തുടങ്ങിയവയും തീര സംരക്ഷണം ലക്ഷ്യമാക്കി മുള, കാറ്റാടി തുടങ്ങിയവയും ഉൾപ്പെടെ 75 ഓളം ഇനം സസ്യങ്ങളുടെ തൈകൾ പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് നട്ടുപിടിപ്പിക്കാനായി വിതരണം ചെയ്തിട്ടുണ്ട്.

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സോഷ്യൽ ഫോറസ്ട്രി വിഭാഗം നേരിട്ട നട്ടുപിടിപ്പിച്ചതും, നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തതുമായ തൈകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ജില്ല | നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുള്ള തൈകളുടെ എണ്ണം (ലക്ഷം) | സോഷ്യൽ ഫോറസ്ട്രി വിഭാഗം നേരിട്ട നട്ടു പിടിപ്പിച്ച തൈകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 6.10 | 0 |
| കൊല്ലം | 3.91 | 750 |
| പത്തനംതിട്ട | 5.28 | 880 |
| ആലപ്പുഴ | 8.02 | 0 |
| കോട്ടയം | 8.45 | 15998 |
| എറണാകുളം | 7.98 | 16325 |
| എൻ.എസ്.സി കാലടി | 0.91 | 0 |
| ഇടുക്കി | 4.5 | 1532 |
| തൃശ്ശൂർ | 6.25 | 2000 |
| പാലക്കാട് | 4.32 | 12825 |
| മലപ്പുറം | 4.28 | 0 |
| വയനാട് | 3.10 | 1055 |

| | | |
|---|---|---|
| കോഴിക്കോട് | 4.9 | 0 |
| കണ്ണൂർ | 5.0 | 0 |
| കാസർഗോഡ് | 4.49 | 0 |
| ആകെ | 77.49 | 51365 |

പരിസ്ഥിതി സംരക്ഷണ ത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ച തൈകളുടെ അതിജീവനം ഉറപ്പുവരുത്താൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ, വനംവകുപ്പ്, മറ്റു വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടത്തി വരുന്നുണ്ട്. ഇതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സർക്കുലർ നമ്പർ പൊതു.വി. (ജി) വകുപ്പ് നം. ജി3/136/17പൊ.വി.വ തീയതി: 09.05.2017 പ്രകാരം സ്കൂൾ തലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെൻറിന്റെ സർക്കുലർ K1/49/17/H. Edn. തീയതി: 22.04.2017 പ്രകാരം കോളേജ് തലത്തിൽ പ്രിൻസിപ്പലിൻറെ പ്രതിനിധിയും, പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡൻറ്/നോമിനി, എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും, തദ്ദേശ സ്വയംഭരണവിഭാഗം സർക്കുലർ നമ്പർപി. എസ്സ്.2/249/2017 ത.സ്വ.ഭ.വ തീയതി: 19. 05.2017 പ്രകാരം പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡൻറ്, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ്മാസ്റ്റർമാർ, സന്നദ്ധ സംഘടന പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവർ അംഗങ്ങളായ 15-ൽ കൂടാത്ത അംഗസംഖ്യയുള്ള കമ്മിറ്റിയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ നിലനിൽപ്പും, വളർച്ചയും വിലയിരുത്തുന്നതിനും, അതിജീവനശതമാനം ഉറപ്പിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള കമ്മിറ്റികൾ പഞ്ചായത്ത് തലത്തിലും സ്കൂ

| | | | |
|---|---|---|---|
| | | | ൾ, കോളേജ് തലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം വനംവകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിതരണം ചെയ്ത തൈകളുടെ എണ്ണം, നടീൽ, അതിജീവനം എന്നിവ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്റ്ററുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം പരിശോധനാ വിധേയമാക്കുന്നതിനും തുടർ നിർദ്ദേശം നൽകുന്നതാണ്. വനം വകുപ്പ് നേരിട്ട് വിവിധസ്ഥാപനങ്ങളിൽ നട്ടുപിടിപ്പിക്കുന്ന തൈകളുടെ പരിപാലനം ആദ്യത്തെ രണ്ടു വർഷം വനം വകുപ്പ് നേരിട്ടും തുടർ പരിപാലനം വനം വകുപ്പുമായി MOU -ൽ ഏർപ്പെടുന്ന പ്രസ്തുത സ്ഥാപനത്തിലും നിക്ഷിപ്തമായിരിക്കും. |

സെക്ഷൻ ഓഫീസർ